പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5666 09.07.2012-ലെ മറുപടിക്ക്

## കായിക വിദ്യാഭ്യാസം നിർബന്ധിത പാഠ്യപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മോൻസ് ജോസഫ്** | **ശ്രീ.പി. കെ. അബ്ദു റബ്ബ്**<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കായിക വിദ്യാഭ്യാസം നിർബന്ധിത പാഠ്യപദ്ധതിയായി അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) ഉണ്ട് |
| ബി) എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കായിക അദ്ധ്യാപകനെ നിയമിക്കാൻ കരിക്കുലം കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | ബി) ഇല്ല. എന്നാൽ 01.10.2011-ലെ സ.ഉ(അ) 199/2011/പൊ.വി ഉത്തരവു പ്രകാരമുള്ള അധ്യാപക പാക്കേജ് പൂർണ്ണമായി നടപ്പിലാക്കുന്നതോടുകൂടി എല്ലാ വിദ്യാലയങ്ങളിലും ഒരു സ്പെഷ്യലിസ്റ്റ് അധ്യാപകന്റെ സേവനം ലഭ്യമാകുന്നതാണ്. |
| സി) സംസ്ഥാനത്തെ സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിദ്യാഭ്യാസ വകുപ്പ് വ്യക്തമാക്കാമോ ; | സി) 2012-13 വർഷത്തെ സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതിയുടെ ഭാഗമായുള്ള 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പ്രാഥമിക പരിശോധന 2012 ഒക്ടോബർ 31-നു മുമ്പ് തീർപ്പാക്കി. ടി വിവരങ്ങൾ ബന്ധപ്പെട്ട സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനും കായിക ക്ഷമതാ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് തുടർപ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ട നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകുന്നുണ്ട്. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലാണ് സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നത്. സംസ്ഥാന സ്പോർട്സ് കൗൺസിൽ തീരുമാനങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കുന്ന ചുമതല വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടറാണ് നിർവ്വഹിക്കുന്നത്. |
| ഡി) സംസ്ഥാനത്തെ സ്കൂളുകളിൽ കായിക ക്ഷമതാ പരീക്ഷ സർക്കാർ നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | ഡി) 2012-13 വർഷത്തെ സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതിയുടെ പ്രാഥമിക പരിശോധന എല്ലാ സ്കൂളുകളിലും നടത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ട നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകുന്നതാണ്. |

Sajikumar T.N

സെക്ഷൻ ഓഫീസർ